## ജി. എൽ. പി. എസ്. ചെന്നിത്തല സൗത്ത്

മാവേലിക്കര വിദ്യാഭ്യാസ ജില്ല, ആലപ്പുഴ

# അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025-2026



## ഉള്ളടക്കം


- ആമുഖം
- ലക്ഷ്യങ്ങൾ
- സ്കൂൾ ചരിത്രം
- സ്കൂൾ മികവിന്റെ കാഴ്ചപ്പാട്
- നിലവിലെ അവസ്ഥാവിശകലനം
- അക്കാദമിക മാസ്റ്റർപ്ലാൻ 2025-2026
- ഉപസംഹാരം

# അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | ജി. എൽ. പി. എസ്. ചെന്നിത്തല സൗത്ത് |
| സ്കൂൾ കോഡ് | : | 36206 |
| ബി ആർ സി | : | മാവേലിക്കര |
| സി ആർ സി | : | മോഡൽ യു.പി.എസ് ചെന്നിത്തല |
| ആരംഭിച്ച വർഷം | : | 1914 |
| പ്രദേശം | : | ചെന്നിത്തല സൗത്ത് |
| ഗ്രാമപഞ്ചായത്ത് | : | ചെന്നിത്തല -തൃപ്പെരുന്തുറ പഞ്ചായത്ത് |
| താലൂക്ക് | : | മാവേലിക്കര |
| പിൻകോഡ് | : | 690105 |
| നിയമസഭാമണ്ഡലം | : | ചെങ്ങന്നൂർ |
| ജില്ല | : | ആലപ്പുഴ |
| വിദ്യാഭ്യാസ ഉപജില്ല | : | മാവേലിക്കര |
| പ്രധാനാധ്യാപിക | : | ജയശ്രീ എൻ പി |
| ഇമെയിൽ ഐ ഡി | : | glps36206@gmail.com |

# ആമുഖം

അക്കാദമിക മികവാണ് വിദ്യാലയത്തിന്റെ മികവ് എന്ന ആശയത്തിലൂന്നിയായിരിക്കണം വിദ്യാലയ വികസന പദ്ധതിക്ക് രൂപം നൽകേണ്ടത്. ഓരോ വിദ്യാലയത്തിനും അതിന്റെ ഫലപ്രദമായ ഭൗതികസാഹചര്യങ്ങൾ, മാനുഷിക വിഭവശേഷി, സമ്പത്ത്, വിവിധ സാമഗ്രികൾ എന്നിങ്ങനെ വിവിധതരം വിഭവങ്ങൾ വേണം. വിദ്യാർത്ഥികൾക്ക് സൗകര്യപ്രദവും, സുരക്ഷിതവും സ്വതന്ത്രവും ശിശുസൗഹൃദപരവുമായ അന്തരീക്ഷം ഒരുക്കണം. വിഭവങ്ങളുടെ കാര്യത്തിൽ പരിഗണിക്കേണ്ട ഏറ്റവും പ്രധനപ്പെട്ട സവിശേഷത ലഭ്യതയും കാര്യക്ഷമതയുമാണ്. ലഭ്യത എന്നതുകൊണ്ട് അർത്ഥമാക്കുന്നത് സുരക്ഷിതവും ഗുണപ്രദവുമായ പഠനസാഹചര്യം എല്ലാവർക്കും പ്രാപ്തമാക്കലാണ്. കാര്യക്ഷമത എന്നത് ലഭ്യമായ വിഭവങ്ങളുടെ ഫലപ്രദമായ ഉപയോഗമാണ്. ഉയർന്ന നിലവാരത്തിലുള്ള ആരോഗ്യ ശുചിത്വ സുരക്ഷാസംവിധാനങ്ങൾ ഉറപ്പുവരുത്തി ലഭ്യമായ വിഭവങ്ങൾ ഫലപ്രദമായി ഉപയോഗിക്കുമ്പോൾ ഒരു വിദ്യാലയം മികവുറ്റതാകുന്നു.

## ലക്ഷ്യങ്ങൾ

അന്താരാഷ്ട്രനിലവാരത്തിലേക്ക് വിദ്യാലയത്തിലെ ഓരോ കുട്ടിയുടെയും ധാരണകളും നൈപുണികളും ശേഷികളും മനോഭാവങ്ങളും മൂല്യങ്ങളും വികസിപ്പിക്കുന്നതിനും അതുവഴി മികവിന്റെ കേന്ദ്രമായി പൊതുവിദ്യാഭ്യാസത്തെ വളർത്തുന്നതിനും ലക്ഷ്യം വെച്ചുകൊണ്ടാണ് പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം ആരംഭിച്ചിട്ടുള്ളത്. അറിവിനെ സ്കൂളിന് പുറത്തുള്ള ജീവിതവുമായി കൂടി ബന്ധപ്പെടുത്തുക., കാണപ്പാഠം പഠിക്കുന്ന രീതി ഒഴിവാക്കുക. പാഠപുസ്തകങ്ങൾക്കപ്പുറത്തേക്കക് പഠനപ്രവർത്തനത്തെ വികസിപ്പിക്കുക. പഠനവും പരിക്ഷയും തമ്മിൽ ഉദ്ഗ്രഥിക്കുക. നിരന്തരമൂല്യനിർണ്ണയത്തിന്റെയും വിലയിരുത്തലിന്റെയും സാധ്യത പ്രയോജനപ്പെടുത്തുക. തുടങ്ങിയ പ്രക്രിയബന്ധിതവും പ്രവർത്തനാധിഷ്ഠിതവും ശിശുകേന്ദ്രീകൃതവുമായ പഠനവുമാണ് ഗവ. എൽ. പി. എസ്. ചെന്നിത്തല മുന്നോട്ട് വെയ്ക്കുന്നത്.

- ഒന്ന് മുതൽ നാല് വരെയുള്ള ഓരോ ക്ലാസ്സിലും കുട്ടി ആർജ്ജിക്കേണ്ട ശേഷികളും ധാരണകളും നൈപുണികളും ഓരോ കുട്ടിയുടെയും പരമാവധി കഴിവനുസരിച്ച് നേടിയിട്ടുണ്ട് എന്നുറപ്പുവരുത്തുക ( പഠനവിഷയങ്ങളിൽ ആശയദൃഢത ഉണ്ടാകണം, കലാകായിക പ്രവൃത്തിപരിചയപഠനത്തിൽ പങ്കാളിത്തവും താൽപര്യവും ഉറപ്പാക്കണം, സാമൂഹ്യരംഗത്തെ ധാരണ, പരിസ്ഥിക ജ്ഞാനം തുടങ്ങിയവ കൈവരിക്കണം. ഓരോ കുട്ടിയും മൂന്ന ഭാഷയിലെങ്കിലും ആശയവിനിമയശേഷി നേടണം)

- എല്ലാ കുട്ടികൾക്കും എല്ലാ മേഖലകളിലും അനുഭവം ലഭിക്കുന്നതിനും സർഗ്ഗപരമായ കഴിവുകൾ പ്രകടിപ്പിക്കുന്നതിനും അവസരം ഒരുക്കും.

- ഉന്നത നിലവാരത്തിലുള്ള അധ്യാപനം ഉറപ്പാക്കാൻ അധ്യാപക ശാക്തീകരണ പരിപാടികൾ ആസൂത്രണം ചെയ്യും.

- ഐ. സി. റ്റി അധിഷ്ഠിത പഠനത്തിനാവിശ്യമായ ഭൗതികസൗകര്യങ്ങളും അക്കാദമിക തയ്യാറെടുപ്പുകളും ഉറപ്പാക്കും

- ക്ലാസ് മുറികളിൽ ഐ. സി. റ്റി അധിഷ്ഠിതക്ലാസുകൾ ഉറപ്പാക്കുന്നതിലൂടെ ബഹുമുഖ പഠനതന്ത്രങ്ങൾ ഉപയോഗപ്പെടുത്തി പഠനം കാര്യക്ഷമമാക്കും.

- കലാകായിക പ്രവൃത്തി പരിചയമികവ് ഉറപ്പുവരുത്തുന്നതിന് ആവിശ്യമായ സൗകര്യങ്ങൾ ഒരുക്കും.

- പഠനം ആകർഷകവും സർഗ്ഗാത്മകവും ആനന്ദദായകവും ആകുന്ന തരത്തിൽ വിദ്യാലയത്തിന്റെ ഭൗതിക സൗകര്യങ്ങൾ വികസിപ്പിക്കും

- ഗവേഷണാത്മകഅധ്യാപനത്തിനും ഗവേഷണാത്മകപഠനത്തിനും അവസരമൊരുക്കും

- പഠനത്തിൽ പിന്നോക്കക്കാരെ തുടക്കത്തിലേ കണ്ടെത്തി ആവിശ്യമായ സാഹായം പാഠ്യപദ്ധതിയുടെ സത്ത ഉൾക്കൊണ്ട് ലഭ്യമാക്കും.

- സ്കൂൾ ലൈബ്രറി ലബോറട്ടറികൾ എന്നിവ ആധുനികവത്ക്കരിച്ച് പഠനപ്രക്രിയയുടെ ഭാഗമാക്കും.

- ലഘുപഠനയാത്രകൾ പഠനക്യാമ്പുകൾ, ശിൽപശാലകൾ, വിദഗ്ധരുടെ ക്ലാസുകൾ സെമിനാറുകൾ, പ്രോജക്ടുകൾ തുടങ്ങിയ വൈവിധ്യമാർന്ന പഠനതന്ത്രങ്ങൾ പ്രയോജനപ്പെടുത്തും.

- പ്രകൃതിയെ അറിഞ്ഞുവളരുന്നതിനും കാർഷികസംസ്കാരം പുതിയ തലമുറയിൽ വളർത്തിയെടുക്കുന്നതിനും അവസരം നൽകും

- മാലിന്യനിർമ്മാർജ്ജനം ഒരു സംസ്കാരമായി രൂപപ്പെടുത്തിയെടുക്കും.

- ലഹരി മിഠായി സ്റ്റിക്കറുകൾ, പാനീയങ്ങൾ എന്നിവയുടെ ഉപയോഗം പുതിയ തലമുറയിൽ നിന്നും ഒഴിവാക്കുന്നതിനാവിശ്യമായ ഇടപെടലുകൾ നടത്തും.

- ക്യാമ്പസ് തന്നെ പാഠപുസ്തകം എന്ന ആശയത്തെ ജനകീയമായി വികസിപ്പിച്ചെടുക്കുക

- ജൈവവൈവിധ്യ  ഉദ്യാനം നടപ്പിലാക്കും. ഔഷധ ഉദ്യാനം എന്നിവ നടപ്പിലാക്കും.

- പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന നൽകി മുഖ്യധാരയിലെത്തിക്കും.

- കുട്ടികൾക്കായി ഗൈഡൻസ് കൗൺസിലിംഗ് സൗകര്യങ്ങൾ ഒരുക്കും.

- സ്കൂൾ പ്രവർത്തനങ്ങൾ ഫലപ്രദമാക്കുന്നതിന് ജനകീയ ഇടപെടൽ ഉറപ്പാക്കും, പ്രാദേശിക വിഭവങ്ങൾ പ്രയോജനപ്പെടുത്തും.

- സ്കൂൾ തലത്തിലുള്ള വിവിധ സഹായ സംവിധാനങ്ങളെ ഫലപ്രദമായി അക്കാദമികവും ഭൗതികവും സാമൂഹികവുമായ വളർച്ചയ്ക്ക് ഉതകുന്ന വിധം പ്രയോജനപ്പെടുത്തും.

## സ്കൂൾ ചരിത്രം

1914-ൽ സ്കൂൾ പ്രവർത്തനം ആരംഭിച്ചു. 1090 ആണ്ട് മേടമാസം 29 ന തിരുവിതാംകൂർ സംസ്ഥാനത്തിൽ  കൊന്നക്കോട്ട് വീട്ടിൽ രാമൻ, പുത്തൻ പുരയ്ക്കൽ വീട്ടിൽ കേശവൻ, കല്ലുക്കാട്ട് വീട്ടിൽ നീലകണ്ഠൻ, പനപ്ലാവിൽ കൃഷ്ണൻ എന്നിവർ ചേർന്ന് എഴുതുകൊടുത്ത തീറാധാരപ്രകാരം 50 സെൻറു സ്ഥലമാണ് സ്കൂളിനുള്ളത്. അതിൽ 25 സെന്റ് സ്ഥലം അംഗനവാടിക്കായി വിട്ടു നൽകി. തട്ടാരമ്പലം മാന്നാർ റോഡിൽ ആഴത്തുപടി ജംഗ്ഷനിൽ പടിഞ്ഞാറ് വശത്തായി രക്തകണ്ഠ സ്വാമി ക്ഷേത്രത്തിന്റെ (കണ്ണന്നൂർ അമ്പലം) തെക്ക് വശത്തായി ചെന്നിത്തല തൃപ്പെരുംത്തുറ ഗ്രാമപഞ്ചായത്തിൽ പതിനേഴാം വാർഡിൽ ജി എൽ പി എസ്ചെന്നിത്തല സൗത്ത് സ്കൂൾ സ്ഥിതി ചെയ്യുന്നു. ഇന്ത്യൻ  ഫോറസ്റ്റ് സർവ്വീസിൽ ഉണ്ടായിരുന്ന ശ്രീ. രാജരാജവർമ്മ, ആലുവ യു സി കോളേജ് പ്രൊഫസർ ശ്രീമതി ഷീല റബ്ബർബോർഡ് കമ്മീഷണർ ശ്രീ മാധവൻകുട്ടി നായർ. നിലവിൽ ജില്ലാ പഞ്ചായത്ത് അംഗം കുമാരി ആതിര തുടങ്ങിയവർ സ്കൂളിലെ പൂർവ്വ വിദ്യാർത്ഥികളിൽ പ്രശസ്തരായ ചിലരാണ്.

# സ്കൂൾ മികവിന്റെ കാഴ്ചപ്പാട്

## വിദ്യാലയം മികവിന്റെ കേന്ദ്രം

- ➔ പ്രീപ്രൈമറി മുതൽ നാല് വരെ ക്ലാസ്സിലെ കുട്ടികളുടെ സമഗ്ര വികസനം ലക്ഷ്യമാക്കി പ്രവർത്തനങ്ങളിലേർപ്പെടാൻ കഴിയും വിധം സമൂഹത്തിലെ വിവിധ ഘടകങ്ങളെ ഏകോപിപ്പിക്കുക.
- ➔ വിദ്യാലയത്തിന്റെ പുരോഗതിയിൽ തൽപരരായ എല്ലാ വിഭാഗം ജനങ്ങളുടെയും പിന്തുണ വിദ്യാലയ വികസനത്തിന് ലഭ്യമാക്കുക.
- ➔ SMC, CPTA എന്നിവ ശക്തമാക്കുക.
- ➔ സമൂഹത്തിന്റെ വൈദഗദ്ധ്യം പ്രയോജനപ്പെടുത്തുക.
- ➔ വിദ്യാലയ മികവുകൾ സമൂഹവുമായി പങ്കിടുന്നതിനുള്ള വേദികളൊരുക്കുക.(കോർണർ പി.ടി.എ മുതലായവ)
- ➔ 5 വർഷം മുന്നിൽ കണ്ടുകൊണ്ട് വിദ്യാലയ വികസന പദ്ധതി തയ്യാറാക്കാനും വിവിധ മേഖലകളിൽ നിന്ന് ഗവൺമെന്റ്, എം. പി, എം. എൽ.എ,ത്രിതലപഞ്ചായത്ത, വ്യവസായികൾ, എൻ. ആർ. ഐ, പൂർവ്വ വിദ്യാർത്ഥികൾ, പൂർവ്വാദ്ധ്യാപകർ, പൊതു വിദ്യാഭ്യാസത്തിൽ താൽപ്പര്യമുള്ളവർ എന്നിവരെ വിദ്യാലയവികസന സമിതിയിൽ അംഗങ്ങളാക്കുക.
- ➔ ഒന്ന് മുതൽ നാല് വരെ ക്ലാസ്സിലെ എല്ലാ കുട്ടികളും പാഠ്യപദ്ധതി നിർദ്ദേശിക്കുന്ന ആശയങ്ങളും ധാരണകളും ശേഷിയും നൈപുണിയും മനോഭാവവും മൂല്യങ്ങളും ആർജ്ജിക്കുവാനസരമൊരുക്കുക.
- ➔ വരുംകാലത്തിന്റെ ആവശ്യങ്ങൾ മുൻകൂട്ടി മനസ്സിലാക്കി ആധുനിക സാങ്കേതികവിദ്യ പ്രയേജനപ്പെടുത്തി അധ്യയനം ഉറപ്പിക്കുക.
- ➔ ആധുനിക സാങ്കേതിക വിദ്യാലയങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾ പിന്നിലാകില്ലെന്ന് ഉറപ്പുവരുത്തുക . എൽ. പി തലം കഴിഞ്ഞ ഒരു കുട്ടി കമ്പ്യൂട്ടറിൽ മലയാളം ടൈപ്പ് ചെയ്യാനും നെറ്റിൽ നിന്നും വിവരം ശേഖരിക്കുവാനും സ്വന്തം ഫോൾഡറിൽ വിവരങ്ങൾ സൂക്ഷിക്കുവാനുമുള്ള പ്രാപ്തി നേടിയിരിക്കണം.

- ➔ മാനസികോല്ലാസം നൽകുന്ന കൃഷി, യോഗ, സ്പോർട്സ് മുതലയാവയ്ക്ക് പ്രാധാന്യം നൽകുക.
- ➔ വിദഗ്ധരായ അദ്ധ്യപകരുടെ സേവനം വിദ്യാലയങ്ങളിൽ ലഭ്യമാക്കുന്നതോടൊപ്പം വിദ്യാലയത്തിലെ ഓരോ അദ്ധ്യാപകന്റെയും അക്കാദമിക മികവും സാങ്കേതികവുമായ മികവ് വികസിപ്പിക്കുന്നതിനുള്ള പ്രവർത്തന പദ്ധതികൾ ആസൂത്രണം ചെയ്യുക.
- ➔ പഠനവും ബോധനവും ആഹ്ലാദകരമായ അനുഭവമാക്കി മാറ്റുക.
- ➔ കുട്ടിയുടെ പഠനം ക്ലാസ്സ്റൂമിന്റെ അകം ചുമരുകളിൽ നിന്നും പുറംലോകത്തേക്ക് മാറ്റുക.
- ➔ കുട്ടികളുടെ സർഗ്ഗക്രിയാശേഷിയെ പരിപോഷിക്കുന്നതിന് ഭൗതികവും സർ ഗ്ഗാത്മകവുമായ പ്രവർത്തന പദ്ധതികൾ രൂപീകരിച്ച് നടപ്പാക്കുക.
- ➔ അസംബ്ലി, ദിനാചരണങ്ങൾ, ബാലസഭ എന്നിവരെ കലാപരമായ ശേഷി വികസനത്തിനുള്ള അവസരമായി മാറ്റുക. (വൈവിധ്യമുള്ള ഇനങ്ങൾ ഉൾ പ്പെടുത്തുക.)
- ➔ കരകൗശല നിർമ്മാണ ശിൽപശാല സംഘടിപ്പിക്കുക.
- ➔ സ്കൂളിൽ ചിത്രപ്രദർശനം സംഘടിപ്പിക്കുക.
- ➔ ഒന്നാം ക്ലാസ്സ് മുതൽ ചിത്രപതിപ്പുകൾ നിർമ്മിക്കുക.
- ➔ ഗവേഷണാത്മക അധ്യാപനത്തിനും ഗവേഷണാന്മക പഠനത്തിനും അവസരമൊരുക്കുകയും നിരന്തരവിലയിരുത്തലിലൂടെ പരിമിതികൾ പരിഹരിച്ച് മുന്നേറുകയും ചെയ്യുക.
- ➔ കുട്ടിയുടെ പഠനവേഗത, പഠനശൈലി എന്നിവ പരിഗണിക്കുന്ന പഠനപ്രക്രിയ സാധ്യമാക്കുക.
- ➔ സ്വയംപഠനം, സംഘപഠനം എന്നിവ ഉറപ്പാക്കുന്നതിന് സഹായകമായ ഭൗതികസൗകര്യങ്ങളും ലൈബ്രറി, ലാബ് പോലെയുള്ള സംവിധാനങ്ങളും ക്രിയാത്മകമാക്കുക.

- സമ്പൂർണ്ണശുചിത്വം, പ്ലാസ്റ്റിക്, കീടനാശിനി മുക്ത ക്യാമ്പസ് സൃഷ്ടിക്കുക.

- ഒന്നാം ക്ലാസ് ഒന്നാം തരം ആക്കുക.

- പരിസ്ഥിതിദിന സന്ദേശത്തിന്റെ അടിസ്ഥാനത്തിൽ വർഷം മുഴുവൻ നടപ്പിക്കാവുന്ന പരിപാടികൾ ആസൂത്രണം ചെയ്യുക.

- പ്രകൃതി തന്നെ പാഠപുസ്തകം എന്ന ദർശനം ഉൾക്കൊള്ളുന്ന പാഠ്യപദ്ധതി രൂപകല്പന ചെയ്യുക.

- കുട്ടികളുടെ മാനസികവും ശരീരികവുമായ പ്രയാസങ്ങൾ തത്സമയം പരിഹരിക്കുന്നതിനുള്ള സംവിധാനങ്ങൾ വിദ്യാലയത്തിൽ തന്നെ ഉറപ്പാക്കുക.

- കുട്ടികളുടെ അവകശങ്ങളും വിദ്യാഭ്യാസ അവകാശ നിയമവും പരിപൂർണ്ണമായ നടപ്പാക്കാവുന്ന ഒരു വിദ്യാലയമാക്കി മാറ്റുക.

- വിദ്യാലയത്തിന്റെ സമസ്തമേഖലകളിലും ജനപങ്കാളിത്തം ഉറപ്പാക്കുക.

- പ്രദേശികവിഭവഭൂപടം തയ്യാറക്കി പ്രതിഭകളുടെ സേവനം വിദ്യാലത്തിൽ ലഭ്യമാക്കുക.

- എഴുത്തുകാരായ കുട്ടികളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള രചനാശിൽപശാല, രചനകളുടെ സമാഹരം, പ്രസിദ്ധീകരിക്കൽ ഇവ നടത്തുക.

- എല്ലാവരും നല്ല വായനക്കാരാകുക.

# നിലവിലെ അവസ്ഥാവിശകലനം

## ഭൗതികം

ഇരിപത്തിയഞ്ച് സെന്റ് ഭൂമിയിലാണ് വിദ്യാലയം സ്ഥിതി ചെയ്യുന്നത്. ഓരോ വർഷവും ചെന്നിത്തല തൃപ്പെരുന്തറ ഗ്രാമപഞ്ചായത്തിൽ നിന്നും ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിൽ ചെറിയ ഒരു വിഹിതം സ്കൂളിന് വേണ്ടി മാറ്റി വെയ്ക്കാറുണ്ട്. സ്കൂൾ കെട്ടിടത്തിൽ പ്രീ പ്രൈമറി മുതൽ നാലാം ക്ലാസ് വരെയുള്ള കുട്ടികൾക്ക് പഠിക്കാനുള്ള ക്ലാസ്സ് മുറികളും ഫർണിച്ചറുകളും ഉണ്ട്. ക്ലാസ് മുറികളിലെല്ലാം ഫാനും ലൈറ്റും ഉണ്ട്. സ്കൂൾ മുറ്റം ഇന്റർലോക്ക് ചെയ്തിട്ടുണ്ട്. സ്കൂളിൽ ശുദ്ധജലലഭ്യത ഉറപ്പാക്കിയിട്ടുണ്ട്. ജലം ശുദ്ധീകരിക്കുന്നതിനായി നിശ്ചിത ഇടവേളകളിൽ കിണർ ക്ലോറിനേഷൻ നടത്തുന്നു. വിദ്യാലയത്തിൽ കുട്ടികൾക്ക് തിളപ്പിച്ചാറ്റിയ വെള്ളമാണ് ലഭ്യമാക്കുന്നത്. പഠിതാക്കളുടെ എണ്ണത്തിന് അനുപാതികമായി ടാപ്പുകൾ ഉണ്ട്. വിദ്യാലയത്തിൽ തന്നെ ഉച്ചഭക്ഷണം തയ്യാറാക്കി നൽകുന്നു. ഓരോ ദിവസവും വൈവിധ്യമാർന്ന ഭക്ഷണമാണ്. എല്ലാവരും ഉച്ചഭക്ഷണം കഴിക്കാറുണ്ട്.

### വിദ്യാലയം നേരിടുന്ന പ്രശ്നങ്ങൾ, വെല്ലുവിളികൾ

- കളിസ്ഥലം ഇല്ല
- കുട്ടികളുടെ പാർക്ക് വേണം
- ആവിശ്യത്തിന് ലാപ്ടോപ്പ് ഇല്ല.
- ലാബ് ഇല്ല.
- സ്കൂൾ കെട്ടിടം നൂറിലധികം വർഷം പഴക്കമുള്ളതാണ്. അതുകൊണ്ട് അത് പൊളിച്ച് കോൺക്രീറ്റ് കെട്ടിടം സ്ഥാപിക്കണം.
- കലാകായിക പ്രവൃത്തിപരിചയ അദ്ധ്യാപകരുടെ അഭാവം.

## കുട്ടികളുടെ സാമൂഹിക സാമ്പത്തിക പശ്ചാത്തലം

ഒട്ടുമിക്ക രക്ഷാകർത്താക്കളും സാമ്പത്തികമായി പിന്നിലാണ്. അന്നന്നുപോയി നിത്യവൃത്തി കഴിയുന്നവരാണ് ഏറെപേരും

എസ്.സി - 14

എസ്.ടി - 0

ഒ.ബി.സി - 6

ജനറൽ - 6

## അക്കാദമികം

പഠിതാക്കളുടെ ശേഷി വികാസവുമായി ബന്ധമുള്ള പ്രധാനപ്പെട്ട മേഖലയാണ്. പഠനബോധന തന്ത്രങ്ങൾ. കൃത്യമായ ആസൂത്രണം, ഫലപ്രദമായ പഠന പശ്ചാത്തല മൊരുക്കൽ , വ്യത്യസ്തങ്ങളായ പഠനതന്ത്രങ്ങളുടെ നിർവ്വഹണം. അദ്ധ്യാപികയുടെ വിഷയപരിജ്ഞാനം, കുട്ടികളുടെ പഠനശേഷിയെ സംബന്ധിച്ച ധാരണ എന്നിവ ഉയർന്ന പഠനനില കൈവരിക്കുന്നതിന് കുട്ടികളെ സഹായിക്കുന്നു.

**അദ്ധ്യാപകരുടെ സ്ഥിതിവിവരം**

| നിയമന സ്വഭാവം | എൽ.പി. എസ്.എ | പ്രീ- പ്രൈമറി |
|---|---|---|
| സ്ഥിരം | 4 | 1 |
| താത്കാലികം | | |

എല്ലാ അദ്ധ്യാപകരും നിശ്ചിത പരിശീലന യോഗ്യത നേടിയവരാണ്.

അദ്ധ്യാപകർക്ക് സ്കൂൾ പ്രവർത്തനങ്ങളുടെ ചുമതലകൾ അധ്യയനവർഷാരംഭത്തിൽ തന്നെ നൽകും.

| ചുമതലകൾ | അദ്ധ്യാപകരുടെ പേര് |
|---|---|
| സീനിയർ അസിസ്റ്റന്റ് | സൂസൻ ജോർജ്ജ് |
| സ്റ്റാഫ് സെക്രട്ടറി | ദീപ ദേവകുമാർ |
| എസ്. ആർ.ജി കൺവീനർ | ശ്രുതി എൻ പിള്ള |
| കായികമേള കൺവീനർ | റീജ തോമസ് |
| ഉച്ചഭക്ഷണം കൺവീനർ | സൂസൻ ജോർജ്ജ് |
| ജാഗ്രതാസമിതി കൺവീനർ | റീജ തോമസ് |
| ശുചിത്വം കൺവീനർ | റീജ തോമസ് |

| ക്ലാസ്സ് | ചുമതലയുള്ള അദ്ധ്യാപകർ |
|---|---|
| പ്രീ-പ്രൈമറി | റീജ തോമസ് |
| 1 | ദീപ ദേവകുമാർ |
| 2 | ജയശ്രീ എൻ പി |
| 3 | സൂസൻ ജോർജ്ജ് |
| 4 | ശ്രുതി എൻ പിള്ള |
| പ്രധാനാദ്ധ്യപിക. | ജയശ്രീ എൻ പി |

## ക്ലാസ്സ് ലൈബ്രറിയും വായനമൂലയും

കുട്ടികൾ സ്വയം അറിവ് നിർമ്മിച്ച് ആശയങ്ങളും ധാരണകളും മനോഭവങ്ങളും വികസിപ്പിക്കുന്നതിന് വിഭാവനം ചെയ്യുന്ന പാഠ്യപദ്ധതിയാണ് നിലവിലുള്ളത്. കാലികവും ശാസ്ത്രീയവുമായ പിന്തുണയുള്ള ഈ സമീപനം കുട്ടികളെ സ്വയം പഠനത്തിലേക്കും സ്വാശ്രയബോധത്തിലേക്കും നയിക്കും

| ഉപപ്രവർത്തനം | ചുമതല | കാലം |
|---|---|---|
| ആശയരൂപികരണം എന്ത് ? എങ്ങനെ? എപ്പോൾ | വിഷയസമിതി | ജൂൺ |
| ചോദ്യാവലി നിർമ്മാണം | ക്ലാസ്സ് ടീച്ചർ | ജൂൺ |
| പ്രീ-ടെസ്റ്റ് നടത്തിപ്പ് | വിഷയസമിതി | ജൂൺ |
| മൂല്യനിർണ്ണയ ഫലവിശകലനം | ക്ലാസ്സ് ടീച്ചർ | ജൂലൈ |
| റിപ്പോർട്ട് തയ്യാറാക്കൽ | എസ്. ആർ. ജി,<br>പി.ടി.എ എക്സിക്യൂട്ടീവ് | |

## ക്ലബ് പ്രവർത്തനം

വിദ്യാലയത്തിൽ നടക്കുന്ന പഠനപ്രവർത്തനത്തെ സർഗാത്മകവും താൽപര്യജനകവും ആക്കുന്നതിനുള്ള ഒരു ഇടപെടലാണ് ക്ലബ് പ്രവർത്തനങ്ങൾ. വിഷയതലത്തിലും പൊതുവായും ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തിക്കുന്നു. എല്ലാ കുട്ടികളും ഏതെങ്കിലുമൊരു ക്ലബിൽ അംഗമാകേണ്ടതാണ്. അദ്ധ്യാപകർക്ക് ക്ലബ് പ്രവർത്തനങ്ങളുടെ ചുമതലകൾ അധ്യയനവർഷാരംഭത്തിൽ തന്നെ നൽകും.

| **ക്ലബ്** | **ചുമതലയുള്ള അദ്ധ്യാപകർ** |
|---|---|
| ഗണിത ക്ലബ് | ദീപ ദേവകുമാർ |
| പരിസ്ഥിതി ക്ലബ് | റീജ തോമസ് |
| വിദ്യാരംഗം കലാസാഹിത്യവേദി | സൂസൻ ജോർജ്ജ് |
| ഇംഗ്ലീഷ് ക്ലബ് | ശ്രുതി എൻ പിള്ള |
| ഹെൽത്ത് ക്ലബ് | റീജ തോമസ് |
| ഐ.ടി. ക്ലബ് | സൂസൻ ജോർജ്ജ് |

### ക്ലാസ്സ് / ഡിവിഷൻ

| ക്ലാസ്സ് / ഡിവിഷൻ | കുട്ടികൾ | | |
|---|---|---|---|
| | ആൺകുട്ടികൾ | പെൺകുട്ടികൾ | ആകെ |
| പ്രീ-പ്രൈമറി | 3 | 3 | 6 |
| 1 | 4 | 4 | 8 |
| 2 | 3 | 1 | 4 |
| 3 | 2 | 2 | 4 |
| 4 | 4 | 0 | 4 |

# അക്കാദമിക മാസ്റ്റർപ്ലാൻ 2025-2026

## വിഷയം-മലയാളം

### ലക്ഷ്യങ്ങൾ

- അനുഭവത്തിലൂടെ പഠനത്തിന് അവസരമൊരുക്കുക.
- പ്രൈമറി ക്ലാസു കഴിയുന്ന എല്ലാ കുട്ടികളെയും വായിക്കാനും എഴുതാനും പ്രാപ്തിയുള്ളവരാക്കി മാറ്റും.
- വായനയുടെ വിവിധതലങ്ങൾ പരിചയപ്പെടൽ.
- അമ്മ വായന
- കുഞ്ഞുവായന, കുട്ടിയെഴുത്ത്
- വായനോത്സവം
- സംയുക്ത ഡയറി എല്ലാവർക്കും. ( ക്ലാസ് 1 & 2)
- സർഗാത്മക ഡയറി എല്ലാവർക്കും. ( ക്ലാസ് 3& 4)
- ആസ്വാദ്യകരമായ വായനയിൽ വൈദഗ്ധ്യം നേടുക
- വായനാസാമഗ്രികൾ കണ്ടെത്തുക. വികസിപ്പിക്കുക.
- സ്വയം പഠനത്തിനും സൃഷ്ടിപരതയ്ക്കും കൂടുതൽ അവസരങ്ങൾ നൽകുക.
- അറിവ് നിർമ്മാണത്തിനു അവസരം നൽകുക
- മലയാളത്തിലെ വിവിധ സാഹിത്യശാഖകൾ പരിചയപ്പെടൽ.
- എഴുത്തിന്റെ വിവിധ തലങ്ങൾ പരിചയപ്പെടുക.
- ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിന്റെയും സാധ്യത കണ്ടെത്തുക.
- സർഗ്ഗാത്മക രചനകളിൽ ഏർപ്പെടാൻ അവസരമൊരുക്കൽ.
- പത്രവായന ക്ലാസ്സ് മുറികളിൽ ശീലമാക്കൽ.
- **തേന്മൊഴി** ( മലയാള ഭാഷയോടും സാഹിത്യത്തോടും ഉള്ള താൽപ്പര്യം വർദ്ധിപ്പിക്കുക.)
    * വിവിധ ശിൽപ്പശാലകൾ ( നാടൻപ്പാട്ട് ശിൽപ്പശാല, രചന ശിൽപ്പശാലകൾ )
    * എഴുത്തുകാരുമായി സംവദിക്കൽ.
    * സാഹിത്യവും സംസ്കാരവുമായി ബന്ധപ്പെട്ട സ്മാരകങ്ങൾ, പ്രദർശാനലയങ്ങൾ എന്നിവിടങ്ങൾ സന്ദർശിക്കൽ.

| അക്കാദമിക മാസ്റ്റർപ്ലാൻ-മലയാളം | | | | | | |
|---|---|---|---|---|---|---|
| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പ ത്തികം | റിമാർക്സ് |
| 1 | ഭാഷപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ (മലയാള ത്തിളക്കം) | 1. Pre-test.<br>2. അക്ഷരം ഉറപ്പിക്കൽ.<br>3. അടയാളം ഉറപ്പിക്കല്.<br>4. അക്ഷരകാർഡ് നൽകൽ.<br>5. വാക്കുകൾ എഴുതിയ കാർഡ്<br>6. വാക്കുകൾ നിർമ്മിക്കുക.<br>7. വാക്യങ്ങൾ നിർമ്മിക്കുക.<br>8. ചിത്രം - അടിക്കുറിപ്പ്.<br>9. ചിത്രം - കഥപറയൽ.<br>10. ചിത്രം - കഥ എഴുതൽ.<br>11. കഥ – ബാക്കി എഴുതൽ<br>12. കഥാപുസ്തകം നൽകൽ.<br>13. ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം ക്ലാസ്.<br>14. ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് വേണ്ടി പ്രത്യകം വർക്ക് ഷീറ്റുകൾ തയ്യാറാക്കുന്നു. | ജൂൺ- ആഗസ്റ്റ് (3 മാസം) | മലയാളം ടീച്ചർ | | |
| 2 | വായന (കുട്ടിയെ മികച്ച വായനക്കാരനാക്കുക.) | 1. ക്ലാസ്സ് വായനാക്കൂട്ടം രൂപികരിക്കൽ.<br>2. വായനമൂല, ക്ലാസ് ലൈബ്രറി രൂപികരിക്കൽ.<br>3. സ്കൂൾ ലൈബ്രറി<br>4. നവീകരിക്കൽ.<br>5. വായനദിനവുമായി ബന്ധപ്പെടുത്തി വായനോത്സവം സംഘടിപ്പിക്കൽ.<br>6. പത്രവായന (വിവിധ പത്രങ്ങൾ ക്ലാസ്സിൽ ലഭ്യമാക്കൽ)<br>7. പുസ്തകചർച്ച<br>8. വായനാനുഭവം പങ്കുവെയ്ക്കൽ<br>9. വായനാക്കുറിപ്പ് പതിപ്പ്<br>10. വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനം ക്ലാസ് സഭ<br>11. ബാലസഭ<br>12. ദിനാചരണങ്ങൾ.<br>13. സാഹിത്യകാരന്മാരുമായുള്ള അഭിമുഖം. | 8 മാസം ജൂൺ- ജനുവരി | ക്ലാസ് ടീച്ചർ മലയാളം ടീച്ചർ വിദ്യാരംഗം കലാസാഹിത്യ വേദി. | | |

| | | | | | | |
|---|---|---|---|---|---|---|
| | | 14. അനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും. | | | | |
| 3 | ഭാഷണം | 1. അസംബ്ലി.<br>2. വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനം ക്ലാസ് സഭ<br>3. ബാലസഭ<br>4. ദിനാചരണങ്ങൾ.<br>5. പാഠഭാഗ ആശയം വിവിധ രീതിയിൽ അവതരിപ്പിക്കാൻ ശ്രമിക്കൽ<br>ഉദ : നാടകം. | | ക്ലാസ് ടീച്ചർ, | | |
| 4 | ലേഖനം.<br>(കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക.) | 1. വിവിധ സാഹിത്യശാഖകൾ പരിചയപ്പെടൽ.<br>2. വായനാക്കുറിപ്പ് പതിപ്പ്<br>3. സ്കൂൾ പത്രം, മാഗസിൻ തയ്യാറാക്കൽ<br>4. പതിപ്പുകൾ തയ്യാറാക്കൽ<br>5. വ്യക്തിഗത സാഹിത്യ രചന<br>6. സംഘരചന<br>7. എഡിറ്റിംഗ്<br>8. രചനാ ശില്പശാല സംഘടിപ്പിക്കൽ<br>9. ഒരു വ്യവഹാരരൂപത്തെ മറ്റൊരു വ്യവഹാരരൂപമായി മാറ്റുന്നു. അവതരിപ്പിക്കുന്നു.<br>10. സാഹിത്യകാരന്മാരുടെ ഫോട്ടോ ഗ്യാലറി.<br>11. ചലചിത്ര പ്രദർശനം<br>12. നാടകാവതരണം | ജൂൺ-മാർച്ച് | ക്ലാസ് ടീച്ചർ, വിദ്യാരംഗം കലാസാഹിത്യ വേദി. | | |

# വിഷയം-ഇംഗ്ലീഷ്

## ലക്ഷ്യങ്ങൾ

- എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് രസകരമായും ആസ്വാദ്യകരമായും ഫലപ്രദമായും എഴുതാവാനും വായിക്കുവാനും സംസാരിക്കുവാനുമുള്ള കഴിവ് വളർത്തിയെടുക്കുക.
- ഇംഗ്ലീഷ് ഭാഷാപഠനം ലളിതവും രസകരമായും ആകർഷകവുമായി മാറ്റുവാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുക.
- തെറ്റില്ലാതെ അനായസം ഇംഗ്ലീഷ് എഴുതാനുള്ള ശേഷി നേടൽ
- ഇംഗ്ലീഷ് ഭാഷയെ സർഗാത്മക പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കൽ.
- ഇംഗ്ലീഷിൽ സർഗാത്മകപ്രവർത്തനങ്ങൾക്കുള്ള ശേഷി നേടൽ
- വ്യാകരണശുദ്ധിയോടെ ഇംഗ്ലീഷ് പറയാനും എഴുതാനും കഴിയുന്ന നിലവാരത്തിലേക്ക് എത്തിക്കൽ.
  ഇംഗ്ലീഷ് പഠനാന്തരീക്ഷം സൃഷ്ടിക്കൽ
- ഇംഗ്ലീഷ് പുസ്തകങ്ങൾ വായിക്കാനും അതിലൂടെ ഭാഷാനൈപുണി വളർത്താനുമുള്ള ആവേശം കുട്ടികളിൽ ഉണ്ടാക്കുക.

**അക്കാദമിക മാസ്റ്റർപ്ലാൻ- ഇംഗ്ലീഷ്**

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | ഭാഷപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1. Pre-test.<br>2. അക്ഷരം ഉറപ്പിക്കൽ.<br>3. Preparing the students to acquire reading and writing skills begin g with letters, words, small sentence,.<br>4. Preparation English language games, puzzles, riddles.<br>5. Hello English activities<br>6. Action song<br>7. add more line<br>8. picture description<br>9. ECUBE ENGLISH LEARNING | ജൂൺ-ആഗസ്റ്റ് (3 മാസം) | ഇംഗ്ലീഷ് ടീച്ചർ, ഇംഗ്ലീഷ്ക്ലബ് | | |
| 2 | READING | 1. ഇംഗ്ലീഷ് അസംബ്ലി.<br>2. News paper reading<br>3. ക്ലാസിൽ നിലവാരത്തിനനുസരിച്ചുള്ള ഇംഗ്ലീഷ് പുസ്തകങ്ങൾ കുടി | ജൂൺ-മാർച്ച് | ഇംഗ്ലീഷ് ടീച്ചർ, ഇംഗ്ലീഷ്ക്ലബ് | | |

| | | | | | | |
|---|---|---|---|---|---|---|
| | | ഉൾപ്പെടുത്തി വായനമൂല രൂപികരിക്കൽ.<br>4. സ്കൂൾ ലൈബ്രറി നവീകരി<br>5. ക്കൽ. | | | | |
| 3 | LISTENING | 1. ഇംഗ്ലീഷ് കഥകൾ കേൾക്കാനവസരം<br>2. റേഡിയോയിൽ ഇംഗ്ലീഷ് വാർത്ത കേൾക്കുന്നു.<br>(ICT സാധ്യത പ്രയോജനപ്പെടുത്തുന്നു) | | | | |
| 4 | WRITING | 1. ഇംഗ്ലീഷ് ഡയറി<br>2. പാഠപുസ്തകത്തിലെ ഇംഗ്ലീഷ് പാഠഭാഗങ്ങളെ പുസ്തകത്തിൽ പ്രദിപാതിച്ചിരിക്കുന്നതിൽ നിന്നും വ്യതസ്തമായ വ്യവഹാരരൂപങ്ങളിലേക്ക് മാറ്റിയെഴുതി സദസ്സിനു മുൻപാകെ അവതരിപ്പിക്കൽ ഉദാ : Skit, Conversation, drama etc.<br>3. picture description<br>4. develop story, description, notice, proclamation, letter, announcement.<br>5. make riddles<br>6. English magazine<br>7. വ്യക്തിഗത രചന<br>8. സംഘരചന<br>9. എഡിറ്റിംഗ്<br>10. ENGLISH FEST.<br>11. ഒഴിവ് സമയങ്ങളിൽ ഇംഗ്ലീഷ് വ്യാകരണത്തിന് പ്രാധാന്യംനൽകിയിട്ടുള്ള ഇംഗ്ലീഷ് ക്ലാസുകൾ | ജൂൺ-മാർച്ച് | ഇംഗ്ലീഷ് ടീച്ചർ, ഇംഗ്ലീഷ്ക്ലബ് | | |
| 5 | Speaking | 1. Self introduction<br>2. Assembly activities-speech<br>3. day celebrations | | | | |

# വിഷയം-ഗണിതം

## ലക്ഷ്യങ്ങൾ

- ഗണിതപഠനം ലളിതവും രസകരമായും ആകർഷകവുമായി മാറ്റുവാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുക.
- ഗണിതപഠനത്തിൽ അഭിരുചി വളർത്തൽ.
- പ്രായോഗിക സന്ദർഭങ്ങളിൽ മതിച്ച പറയാനുള്ള ശേഷി വളർത്തുക.
- ചതുഷ്ക്രിയകൾ ഉപയോഗിച്ച് കൊണ്ട് പ്രശ്നങ്ങൾ നിർധാരണം ചെയ്യാൻ പ്രാപ്തമാക്കുക.
- ജ്യാമിതിരൂപങ്ങളെക്കുറിച്ച് വ്യക്തമായ ധാരണ ഉണ്ടാക്കുക.
- മെട്രിക്ക് ഉപകരണങ്ങൾ പ്രയോഗിക സന്ദർഭങ്ങളിൽ ഉപയോഗിക്കാനുള്ള ശേഷി നേടുക.
- ഗണിതത്തിലെ അടിസ്ഥാന ആശയങ്ങളിലും മനോഭാവങ്ങളിലും ഉള്ള പരിമിതി പരിഹരിക്കൽ.
- മുഴുവൻ കുട്ടികൾക്കും ഗണിതശേഷികൾ ഉറപ്പാക്കുക.
- ഗണിതത്തിലെ സൗന്ദര്യാത്മകതലം കണ്ടെത്തി സംഖ്യാപരമായ ആശയങ്ങളുടെയും അമൂർത്ത രൂപങ്ങളുടെയും ആസ്വാദനം.
- സാമൂഹ്യ പ്രതിബദ്ധതയോടുള്ള ഗണിതപഠനം
- ഗണിതശാസ്ത്രത്തിൽ സവിശേഷവൈഭവമുള്ള കുട്ടികളെ കണ്ടെത്തി അതിന്റെ പൂർണ്ണതയിൽ എത്തിക്കൽ.

## അക്കാദമിക മാസ്റ്റർപ്ലാൻ-ഗണിതം

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | സംഖ്യാബോധം ഉറപ്പിക്കൽ | 1. Pre-test.<br>2. മൂർത്തവസ്തുക്കൾ ഉപയോഗിച്ച് (ഈർക്കിൽ, മഞ്ചാടി, മുത്ത്) എണ്ണൽ.<br>3. കെട്ടുകളാക്കൽ , കൂട്ടങ്ങളാക്കൽ.<br>4. അബാക്കസ്, സ്ഥാനവില പോക്കറ്റ്, കളിനോട്ടുകൾ, സംഖ്യാറിബൺ എന്നിവ ഉപയോഗിച്ച് സ്ഥാനവില ഉറപ്പിക്കൽ. | ജൂൺ (1 മാസം) | ഗണിതാദ്ധ്യാപിക . | | |

| | | | | | | |
|---|---|---|---|---|---|---|
| | | 5. സങ്കലനം മൂർത്തവസ്തുക്കൾ ഉപയോഗിച്ച് പ്രയോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യൽ.<br>6. ഗണിതകേളികളിൽ ഏർപ്പെടൽ ഉദാ : പാമ്പും കോണിയും, സംഖ്യാ കാർഡ് കളി) | | | | |
| 2 | ഗണിതശേഷികൾ വളർത്തൽ | 1. ഗണിതമൂല തയ്യാറാക്കൽ<br>2. ഗണിതമാഗസിൻ ഗണിത ചിത്രങ്ങൾ,ഗണിത രൂപങ്ങൾ, ഗണിതകടംങ്കഥകൾ. Puzzle bord, games, ഗണിതജ്ഞരുടെ ചിത്രങ്ങൾ മുതലായവ ഉൾപ്പെടുത്തി.<br>3. ഗണിത ക്വിസ്<br>4. ഉല്ലാസഗണിതം, ഗണിതവിജയം എന്നിവയുടെ ഫലപ്രദമായ പ്രയോഗം<br>5. ഗണിത പ്രോജക്ടുകൾ<br>6. ഗണിത മേളകൾ.<br>7. ഐ. സി.ടി സാധ്യതകൾ ഉപയോഗിച്ചുള്ള പഠനം.<br>8. വിദഗ്ദരുടെ ഗണിത ക്ലാസ്സുകൾ സംഘടിപ്പിക്കൽ.<br>9. ഗണിത പ്രോജക്റ്റ്.<br>10. ഗണിതോത്സവം | ജൂൺ ഒക്ടോബർ<br><br>ആഴ്ചയിൽ ഒരിക്കൽ<br><br>ഫെബ്രുവരി | ഗണിതാദ്ധ്യാപിക.<br>ഗണിതാ ക്ലബ് | | |

# വിഷയം-പരിസരപഠനം

## ലക്ഷ്യങ്ങൾ

- പരിസരപഠനം ലളിതവും രസകരമായും ആകർഷകവുമായി മാറ്റുവാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുക.
- വിദ്യാർത്ഥികളിൽ പരിസരസംരക്ഷണബോധം വളർത്തുക.
- വിദ്യാലയം ഹരിതാഭമാക്കുക.
- അവാസവ്യവസ്ഥ നേരിട്ട് പരിചയപ്പെടാനുള്ള സാഹചര്യം ഒരുക്കണം
- ജലസംരക്ഷണബോധം വളരണം.
- മണ്ണും മനുഷ്യനും തമ്മിലുള്ള ആഴത്തിലുള ബന്ധം മനസ്സിലാക്കുക.
- പരിസ്ഥിതി സൗഹാർദ മനോഭവം വളർത്തുക .
- എല്ലാ ജീവജാലങ്ങളും ഭൂമിയുടെ തുല്യ അവകാശികളാണെന്നുള്ള ധാരണ രൂപികരിക്കുക
- സസ്യവൈവിധ്യത്തിന്റെ പ്രാധന്യം തിരിച്ചറിയുക.
- കൃഷിയോടുള്ള താത്പര്യം വളർത്തുക.
- ഊർജസംരക്ഷണപ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുക.
- ശാസ്ത്രത്തിൽ സവിശേഷ വൈഭവമുള്ള കുട്ടികളെ അതിന്റെ പൂർണതയിൽ എത്തിക്കുക.
- പരിസരപഠനത്തെ സാമൂഹിക ഇടപെടൽശേഷി വികസനത്തിന് പ്രയാജനപ്പടുത്താനുള്ള കഴിവും മനോഭാവവും വളർത്തുക.
- പരിസരപഠനത്തിൽ ഐ. സി.ടി സാധ്യത പ്രയോജനപ്പെടുത്താനുള്ള കഴിവ് നേടുക.
- അർത്ഥപൂർണമായ ഭൂപടവായന

| അക്കാദമിക മാസ്റ്റർപ്ലാൻ-പരിസരപഠനം | | | | | | |
|---|---|---|---|---|---|---|
| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പ ത്തികം | റീമാർക്സ് |
| 1 | പരിസ്ഥിതി സൗഹാർദ മനോഭവം വളർ ത്തുക | 1. ജൂൺ 5 പരിസ്ഥിതിദിനത്തോടനുബ ന്ധിച്ച് വൃക്ഷതൈ നടൽ.<br>2. എല്ലാ കുട്ടികൾക്കും വൃക്ഷതൈ വിതരണം.<br>3. പിറന്നാൾ മരം ( പിറന്നാൾ ദിനത്തിൽ സ്കൂളിൽ മരം നടാനവസരം.<br>4. ജൈവകൃഷി | ജൂൺ | പരിസരപഠനം അദ്ധ്യാപിക. പരിസ്ഥിതി ക്ലബ് | | |
| 2 | കുട്ടികളിലെ പരീക്ഷണ നിരീക്ഷണ | 1. ശാസ്ത്രമൂല<br>2. ഫീൽഡ് ട്രിപ്പ് (പാടം, കുന്ന്, കാവ്)<br>3. ആവാസവ്യവസ്ഥയെപ്പറ്റി | ജൂൺ- മാർച്ച് | പരിസരപഠനം അദ്ധ്യാപിക. പരിസ്ഥിതി ക്ലബ് | | |

| | | | | | | |
|---|---|---|---|---|---|---|
| | പാഠവം വളർത്തുന്നു. | കുറിപ്പ് തയ്യാറാക്കുന്നു.<br>4. ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് പരിസ്ഥി സംരക്ഷണത്തിന്റെ ആവിശ്യകത ഉയർത്തുന്ന പോസ്റ്റർ തയ്യാറാക്കുന്നു.<br>5. പതിപ്പ് നിർമ്മാണം<br>6. പരീക്ഷണങ്ങളിലേർപ്പെടൽ.<br>7. ഐ. സി. ടി സാധ്യത പ്രയോജനപ്പെടുത്തിയുള്ള പരീക്ഷണ നിരീക്ഷണങ്ങൾ. | | | | |
| 3 | ശാസ്ത്രാഭിരുചി കണ്ടെത്തൽ | 1. Quiz competition<br>2. ക്ലാസ് തല പരീക്ഷണം.<br>3. ശാസ്ത്രപുസ്തക വായന<br>4. ശാസ്ത്രജ്ഞൻമാരുടെ ജീവചരിത്രവും അവരുടെ കണ്ടുപിടുത്തങ്ങളുടെയും ശേഖരണം. | ജൂൺ-മാർച്ച് | പരിസരപഠനം അദ്ധ്യാപിക. പരിസ്ഥിതി ക്ലബ് | | |

# ആരോഗ്യ കായിക വിദ്യാഭ്യാസം

## ലക്ഷ്യങ്ങൾ

- ആരോഗ്യമുള്ള ഒരു തലമുറയെ വാർത്തെടുക്കുക
- ആരോഗ്യകരമായ ഭക്ഷണശീലം വളർത്തൽ
- ദിവസേനയുള്ള വ്യായമം ശീലമാക്കുക.
- ശുചിത്യമുള്ള പരിസരത്തിന്റെ മൂല്യം ബോധ്യപ്പെടുത്തുന്നു.
- കായികക്ഷമതയുടെ പ്രാധന്യം കുട്ടികളെ ബോധ്യപ്പെടുത്തുക.

| അക്കാദമിക മാസ്റ്റർപ്ലാൻ-ആരോഗ്യ കായിക വിദ്യാഭ്യാസം | | | | | | |
|---|---|---|---|---|---|---|
| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
| 1 | ശാരീരിക ചാലകവികാസം | 1. ശാരീരിക ചലനം വേണ്ട കളികളിൽ ഏർപ്പെടാനുള്ള അവസരം നൽകുന്നു.<br>2. ലഘു വ്യായമങ്ങൾ<br>3. കായിക പരിശീലനം<br>4. യോഗ പരിശീലനം | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ ബി. ആർ. സി | | |
| 2 | ശുചിത്വം | 1. ഓരോ ക്ലാസിലും ഹെൽത്ത് ഇൻ സ്പെക്ടർമാരെ തിരഞ്ഞെടുക്കുന്നു.<br>2. ആരോഗ്യ ശുചിത്യ ശീലങ്ങൾ എഴുതിയ പോസ്റ്ററുകൾ പ്രദർ ശിപ്പിക്കൽ. | ആഗസ്റ്റ് സെപ്റ്റംബർ | ഹെൽത്ത് ക്ലബ് | | |
| 3 | ആഹാരശീലങ്ങൾ | 1. ഫാസ്റ്റ് ഫുഡ് - പരമ്പരാഗത ഭക്ഷണം സംവാദം.<br>2. ബോധവത്കരണ ക്ലാസ്സുകൾ<br>3. പോഷകസമൃദമായ ഭക്ഷണം ഉറപ്പുവരുത്തൽ | | ഹെൽത്ത് ക്ലബ് | | |
| 4 | ശാരീരിക-മാനസിക ആരോഗ്യം | 1. ബോധവത്കരണ ക്ലാസ്സുകൾ.<br>2. ഗൈഡൻസ് & കൗൺസിലിംഗ്.<br>3. മെഡിക്കൽ ക്യാംപ് | | ഹെൽത്ത് ക്ലബ് & PTA | | |

# കലാപഠനം

## ലക്ഷ്യങ്ങൾ

- തുടർച്ചയായ പരിശീലനത്തിലൂടെ കുട്ടികളുടെ മികവുകൾ കണ്ടെത്തുകയും അതിന് ആവിശ്യമായ പരിശീലനങ്ങൾ കണ്ടെത്തുകയും ചെയ്യുക.

**അക്കാദമിക മാസ്റ്റർപ്ലാൻ– കലാപഠനം**

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പ ത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | കലാപഠനം | 1. പാഠഭാഗങ്ങളുമായി ബന്ധപ്പെടുത്തി യുള്ള പ്രവർ ത്തനങ്ങൾ<br>2. അഭിരുചിയുള്ള കുട്ടികളെ കണ്ടെത്തുക.<br>3. പ്രാദേശികമായ ലഭ്യമായ കലാകാരന്മാരെ ഉപയോഗിച്ച് പരിശീലനം സംഘടിപ്പിക്കുക.<br>4. ശില്പശാലകൾ സംഘടിപ്പിക്കുക.<br>5. വിവിധ കലാരൂപങ്ങളുമായി ബന്ധപ്പെട്ട വേഷവിധാനങ്ങൾ ഉപകരണങ്ങൾ എന്നിവ പരിചയപ്പെടാനും കാണാനുമുള്ള അവസരങ്ങൾ നൽ കുന്നു.<br>6. കലാകരന്മാരെ കാണനും അവരുമായി സംവദിക്കാനുമുള്ള അവസരം. | ജൂൺ – മാർച്ച്<br><br>ആഗസ്റ്റ്– സെപ്റ്റംബർ | ക്ലാസ് ടീച്ചർ | | |

# പ്രവൃത്തി പരിചയം

## ലക്ഷ്യങ്ങൾ

- തുടർച്ചയായ പരിശീലനത്തിലൂടെ കുട്ടികളുടെ മികവുകൾ കണ്ടെത്തുകയും അതിന് ആവിശ്യമായ പരിശീലനങ്ങൾ കണ്ടെത്തുകയും ചെയ്യുക.

| അക്കാദമിക മാസ്റ്റർപ്ലാൻ- പ്രവൃത്തി പരിചയം | | | | | | |
|---|---|---|---|---|---|---|
| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
| 1 | പ്രവൃത്തി പരിചയം | 1. പാഠഭാഗങ്ങളുമായി ബന്ധപ്പെടുത്തി ഉത്പനങ്ങൾ തയ്യാറാക്കുക,<br>2. പ്രാദേശികമായ ലഭ്യമായ കലാകാരന്മാരെ ഉപയോഗിച്ച് പരിശീലനം സംഘടിപ്പിക്കുക.<br>3. ശില്പശാലകൾ സംഘടിപ്പിക്കുക. | ജൂൺ - മാർച്ച്<br>ആഗസ്റ്റ് സെപ്റ്റംബർ | ക്ലാസ് ടീച്ചർ | | |

## ഉപസംഹാരം

2025-2026 അക്കാദമിക വർഷത്തെ സമഗ്രമായ മാസ്റ്റർ പ്ലാൻ ആണ് ഇവിടെ തയ്യാറാക്കിയിരിക്കുന്നത്. ഇതിലെ ഓരോ അക്കാദമിക പ്രവർത്തനങ്ങളും ക്ലാസ് തലത്തിൽ ഓരോ കുട്ടിക്കും പ്രയോജനം ചെയ്യുന്ന വിധത്തിൽ ആസൂത്രണം ചെയ്യാവുന്ന രീതിയിൽ ആണ് തയ്യാറാക്കിയിരിക്കുന്നത്. ഈ മാസ്റ്റർ പ്ലാനിൽ മാറുന്ന സാഹചര്യങ്ങൾക്കനുസരിച്ച് മാറ്റങ്ങൾ വരാവുന്നതാണ്. പുതിയ പ്രവർത്തനങ്ങൾ കൂട്ടിച്ചേർക്കാവുന്നതാണ്. കുട്ടികളുടെ അടിസ്ഥാന ശേഷിവികസനത്തിനും പുരോഗതിയ്ക്കും ഈ മാസ്റ്റർ പ്ലാൻ ഉപകരിക്കുമെന്ന് സവിനയം പ്രതീക്ഷിച്ചുകൊള്ളുന്നു.